**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1046** **14-10-2026-ൽ മറുപടിയ്ക്ക്**

**ചാലിയം ഫിഷ് ലാൻഡിംഗ് സെന്റർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനവത്ക്കരണത്തിന് പകരം ഭൂമി കണ്ടെത്തിയതും നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നതുമായ ചാലിയം ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

**മറുപടി:** 23/12/2025 തീയതിയിലെ സ.ഉ (സാധാ) നം.909/2025/F&Pഉത്തരവ് പ്രകാരം ലേലപ്പുര, നെറ്റ് മെന്ററിംഗ് ഷെഡ്, പാർക്കിംഗ് ഏരിയ, കാന്റീൻ, ശൗചാലയം, കിണർ, ജലസംഭരണി, കടമുറികൾ, ഗേറ്റ് & ഗേറ്റ് ഹൗസ് എന്നിവ ഉൾപ്പെടെ ചാലിയം മത്സ്യബന്ധന കേന്ദ്രത്തിന്റെ സമഗ്ര വികസന പദ്ധതിക്കായി 1700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ട പദ്ധതിക്കാവശ്യമായ ഭൂമി നിലവിൽ വനം വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ടതും ടി ഭൂമി കൈമാറി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നതുമായ സാഹചര്യത്തിൽ പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി ആവശ്യത്തിനുള്ള ഭൂമി കൈമാറി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ തുടർനടപടികൾ യഥാവിധി ആരംഭിക്കുന്നതിന് സാധ്യമാകുകയുള്ളൂ.

പ്രസ്തുത പദ്ധതി പ്രദേശം CRZ പരിധിയിൽ ഉൾപ്പെടുന്നതിനാൽ, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപായി CRZ അനുമതി ലഭിക്കേണ്ടതുണ്ട്. പദ്ധതിക്കാവശ്യമായ ഭൂമി കൈമാറി ലഭ്യമായതിനു ശേഷം മാത്രമേ CRZ അനുമതി/ ക്ലിയറൻസ് ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ.

**(ബി)** കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ആവശ്യമായ അനുമതി നേടിയെടുക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ചാലിയം ബേപ്പൂർ തോപ്പ് റിസർവ്വിൽ ഫിഷ് ലാന്റിംഗ് സെന്റർ, ബോട്ട് യാർഡ് എന്നിവയ്ക്കായി 2.0639 Ha വനഭൂമി വിട്ടു നൽകുന്നതിനായുള്ള 1980 വനം കൺസർവേഷൻ ആക്ടിലെ സെക്ഷൻ 2 പ്രകാരമുള്ള സ്റ്റേജ് 1 അനുമതി 25.11.2011 ന് 5 വർഷത്തേയ്ക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിക്കുകയും പിന്നീട് 25/10/2016 മുതൽ 2 വർഷത്തേയ്ക്ക് ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കാലയളവിൽ എരഞ്ഞോളി, കൽപ്പറ്റ, കൂരാച്ചുണ്ട് എന്നിവിടങ്ങളിൽ ബദൽ ഭൂമി കണ്ടെത്തിയിരുന്നെങ്കിലും പലവിധ കാരണങ്ങൾ കൊണ്ട് പരിഹാര വനവത്ക്കരണം സാധ്യമായില്ല. ആയതിനാൽ സ്റ്റേജ് 1 ക്ലിയറൻസ് നിബന്ധനകൾ പാലിക്കപ്പെട്ടിരുന്നില്ല.

നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സ്റ്റേജ് 1 ക്ലിയറൻസ് റദ്ദാക്കിയ സാഹചര്യത്തിൽ വീണ്ടും സ്റ്റേജ് 1 ക്ലിയറൻസിനുള്ള അനുമതി ലഭ്യമാക്കേണ്ടതുണ്ട്. പരിവേഷ് പോർട്ടൽ വഴി പുതുതായി സ്റ്റേജ് 1 അനുമതി ലഭ്യമാക്കുന്നതിന് ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തുകയും കിൻഫ്രയെ പ്രസ്തുത നടപടികളിൽ നിന്നും ഒഴിവാക്കുകയും ചെയ്തിരുന്നു. തുടർന്ന്, കോഴിക്കോട് ടെറിട്ടോറിയൽ ഡിവിഷൻ ഫോറസ്റ്റ് ഓഫീസ് നിർദ്ദേശ പ്രകാരം ഫിഷറീസ് വകുപ്പ് പരിവേഷ് പോർട്ടൽ വഴി സ്റ്റേജ് 1 അനുമതിക്കായി സമർപ്പിക്കുകയും ആയത് അവിടെ നിന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സ്റ്റേജ് 1 അനുമതിക്കായി നൽകുകയും ചെയ്തിട്ടുണ്ട്. അനുമതി ഇതുവരെ ലഭ്യമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**